# SSLC MODEL EXAMINATION—FEBRUARY, 2012

## സാമൂഹ്യശാസ്ത്രം

സമയം—2½ മണിക്കൂർ | സ്കോർ—80

**നിർദ്ദേശങ്ങൾ**

1. എല്ലാ ചോദ്യങ്ങൾക്കും ഉത്തരം എഴുതണം.
2. ഓരോ ചോദ്യവുമായി ബന്ധപ്പെട്ട ഉത്തരങ്ങൾ വായിച്ചു മനസ്സിലാക്കി വേണം ഉത്തരമെഴുതാൻ.
3. ഓരോ ചോദ്യത്തിന്റെയും സ്കോർ അതത് ചോദ്യത്തിനു നേരെ നൽകിയിരിക്കുന്നു.
4. പതിനഞ്ച് മിനിട്ട് സമാശ്വാസ സമയമാണ്. (cool off time) ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ച് മനസ്സിലാക്കാൻ ഉപയോഗിക്കണം.

---

സ്കോർ

1. നൽകിയിട്ടുള്ള ഇന്ത്യയുടെ രൂപരേഖയിൽ താഴെപ്പറയുന്ന ഭൂവിവരങ്ങൾ അനുയോജ്യമായി അടയാളപ്പെടുത്തി പേരെഴുതുക. [4]

   (a) ആരവല്ലി നിരകൾ (b) അരുണാചൽപ്രദേശ്

   (c) കണ്ട്ല തുറമുഖം (d) ഗോദാവരി നദി

2. നവോത്ഥാന ആശയങ്ങൾ ശാസ്ത്ര രംഗത്തെ പുരോഗതിയ്ക്ക് നൽകിയ സംഭാവനകൾ വ്യക്തമാക്കുക. [2]

3. സ്ഥിര നിക്ഷേപങ്ങളും സമ്പാദ്യ നിക്ഷേപങ്ങളും തമ്മിലുള്ള രണ്ടു വ്യത്യാസങ്ങൾ എഴുതുക. [2]

4. വളരെയേറെ സാമ്പത്തിക പ്രാധാന്യമുള്ള ഒരു വൻകരയായാണ് അന്റാർട്ടിക്കയെ ലോകരാഷ്ട്രങ്ങൾ കാണുന്നത്. എന്തുകൊണ്ട്? [2]

5. മനുഷ്യാവകാശങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി പ്രവർത്തിക്കുന്ന 4 സംഘടനകൾ താഴെ തന്നിരിക്കുന്നു. അവയെ അന്തർദേശീയ സംഘടനകൾ എന്നും ദേശീയ സംഘടനകൾ എന്നും രണ്ടായി തരം തിരിക്കുക. [4]

   (a) ഹ്യൂമൻ റൈറ്റ്സ് വാച്ച്
   (b) പീപ്പിൾസ് യൂണിയൻ ഫോർ ഡെമോക്രാറ്റിക് റൈറ്റ്സ്
   (c) സിറ്റിസൺസ് ഫോർ ഡെമോക്രസി
   (d) ആംനസ്റ്റി ഇന്റർനാഷണൽ.

| അന്തർദേശീയ മനുഷ്യാവകാശ സംഘടനകൾ | ദേശീയ മനുഷ്യാവകാശ സംഘടനകൾ |
|---|---|
| 1. ................................ | 1. ................................ |
| 2. ................................ | 2. ................................ |

[P.T.O.

മാർക്ക്

6. ഫ്രാൻസിൽ ദേശീയഐക്യം നിലനിർത്താൻ നെപ്പോളിയൻ നടപ്പിലാക്കിയ പരിഷ്കാരങ്ങൾ എന്തെല്ലാം ? [3]

7. ഗ്രാമീണ ജനങ്ങളുടെ വികസനത്തിൽ മൈക്രോഫിനാൻസിന്റെ പങ്ക് വ്യക്തമാക്കുക. [1]

8. വിദൂരസംവേദനസാങ്കേതികവിദ്യയുമായി ബന്ധപ്പെട്ടവയാണ് ചുവടെ നൽകിയിട്ടുള്ളത്. ഇവ ഓരോന്നും വ്യക്തമാക്കുക. [3]

(a) സംവേദകം

(b) സ്പെക്ട്രൽ സിഗ്നേച്ചർ

(c) സ്പേഷ്യൽ റെസല്യൂഷൻ.

9. ഡോ. സൺയാത്സെന്നിന്റെ നേതൃത്വത്തിൽ ചൈനയിൽ നടന്ന കോളനിവിരുദ്ധ പ്രസ്ഥാനത്തെക്കുറിച്ച് ഒരു ലഘു കുറിപ്പ് തയ്യാറാക്കുക. [2]

10. ആഗോളവൽക്കരണത്തിന്റ ഭാഗമായി ഇന്ത്യയിൽ സ്വീകരിച്ച ഏതെങ്കിലും മൂന്നു പ്രധാനപ്പെട്ട നടപടികൾ എഴുതുക. [3]

11. 64 വർഷത്തെ ജനാധിപത്യ അനുഭവങ്ങൾക്ക് ശേഷവും ഇന്ത്യൻ ജനാധിപത്യം ഇന്നും ചില വെല്ലുവിളികൾ നേരിടുന്നു. ഏതെങ്കിലും മൂന്നു വെല്ലുവിളികൾ കണ്ടെത്തി അവ എങ്ങനെയാണ് ജനാധിപത്യത്തെ ബാധിക്കുന്നതെന്ന് എഴുതുക. [3]

12. വിപുലമായ റോഡ് ശൃംഗലയുള്ള രാജ്യങ്ങളിലൊന്നാണ് ഇന്ത്യ. ഇതിന് അനുകൂലമായ ഭൂമിശാസ്ത്ര ഘടകങ്ങൾ എന്തെല്ലാം ? [2]

13. സോവിയറ്റ് യൂണിയനെ ഒരു വൻ ശക്തിയാക്കി മാറ്റുന്നതിൽ പഞ്ചവൽസര പദ്ധതികൾ വഹിച്ച പങ്ക് പരിശോധിക്കുക. [2]

14. വികസനത്തെ വിലയിരുത്തുന്നതിന് പ്രതിശീർഷ വരുമാനത്തെക്കാൾ മെച്ചപ്പെട്ട രണ്ടു സൂചികകൾ എഴുതുക. ഈ സൂചികകളെ മെച്ചപ്പെട്ടവ എന്ന് കരുതാൻ കാരണം എന്ത് ? [3]

15. മഴ രൂപം കൊള്ളുന്നതെങ്ങനെ ? മഴയുടെ വിവിധ തരങ്ങളായ സംവഹനവൃഷ്ടി, ശൈലവൃഷ്ടി, ചക്രവാതവൃഷ്ടി എന്നിവയെക്കുറിച്ച് ലഘുകുറിപ്പ് തയ്യാറാക്കുക. [4]

16. രണ്ടാം ലോകയുദ്ധത്തിനുശേഷം ലോകസാഹചര്യങ്ങളിൽ ഉണ്ടായ മാറ്റങ്ങൾ എന്തെല്ലാം ? കോളനികളുടെ സ്വാതന്ത്ര്യം, ശീതസമരത്തിന്റെ ആരംഭം, സോഷ്യലിസത്തിന്റെ വ്യാപനം എന്നിവയുടെ അടിസ്ഥാനത്തിൽ വിശദമാക്കുക.

അല്ലെങ്കിൽ

രണ്ടാം ലോകയുദ്ധാനന്തരം കോളനികളിൽ സാമ്രാജ്യത്വശക്തികൾക്കെതിരെ നടന്ന സമരങ്ങളിൽ ചൈനയിലേയും വിയറ്റ്നാമിലേയും സമരങ്ങൾ ശ്രദ്ധേയമാകുന്നതെന്തുകൊണ്ട് ? [6]

17. ഇന്ത്യയിൽ ജനസംഖ്യ അസന്തുലിതമായാണ് വിതരണം ചെയ്യപ്പെട്ടിരിക്കുന്നത്. ഇതിന് കാരണമായ ഭൂമിശാസ്ത്ര ഘടകങ്ങൾ വിശകലനം ചെയ്യുക. [3]

മാർക്ക്

18. സേവന മേഖലയും പ്രാഥമിക മേഖലയും തമ്മിലുള്ള പരസ്പര ബന്ധം ഉദാഹരണ സഹിതം വിശദീകരിക്കുക. [3]

19. മഹത്തായ ഒരു കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിൽ രൂപംകൊണ്ടതാണ് ഐക്യ രാഷ്ട്ര സംഘടന. എന്നാൽ അതിൽ അന്തർലീനമായ ചില പരിമിതികളും പോരായ്മകളും അതിന്റെ ലക്ഷ്യങ്ങൾ പൂർണമായി നേടുന്നതിന് തടസ്സമായി. ഐക്യരാഷ്ട്ര സംഘടനയുടെ ഏതെങ്കിലും മൂന്ന് പോരായ്മകളോ പരിമിതികളോ കണ്ടെത്തി അവ എങ്ങനെ അതിന്റെ ലക്ഷ്യ സാക്ഷാത്ക്കാരത്തിന് തടസ്സമായി നിൽക്കുന്നു എന്ന് സമർത്ഥിക്കുക. [3]

20. ചില വ്യക്തികളും അവരുമായി ബന്ധപ്പെട്ട ആശയങ്ങളുമാണ് 'എ' കോളത്തിലും 'ബി' കോളത്തിലും നൽകിയിട്ടുള്ളത്. 'എ' കോളത്തിന് യോജിച്ചവ 'ബി' കോളത്തിൽ നിന്നും കണ്ടെത്തി പട്ടിക ക്രമപ്പെടുത്തുക.

| എ | ബി |
|---|---|
| വില്യം വേർഡ്സ്വർത്ത് | ജർമ്മൻ ആശയവാദം |
| ആൽഫ്രഡ് ലോഡ് ടെന്നിസൻ | കാല്പനിക പ്രസ്ഥാനം |
| കാൾ മാർക്സ് | യഥാതഥ പ്രസ്ഥാനം |
| ഇമ്മാനുവൽ കാന്റ് | ഭൗതികവാദം |

[4]

21. പ്രാദേശികമായി വൈവിധ്യങ്ങൾ ഏറെ ഉണ്ടെങ്കിലും ഇന്ത്യയിലെ കാലാവസ്ഥ പൊതുവെ 'മൺസൂൺ കാലാവസ്ഥ' എന്നാണറിയപ്പെടുന്നത്.

(i) കാലാവസ്ഥയിലെ പ്രാദേശിക വൈവിധ്യങ്ങൾക്ക് ഒരു ഉദാഹരണം എഴുതുക.

(ii) ഇന്ത്യയിലെ കാലാവസ്ഥാവൈവിധ്യങ്ങൾക്ക് കാരണമാകുന്ന ഏതെങ്കിലും രണ്ട് ഘടകങ്ങൾ എഴുതുക.

(iii) തെക്ക് പടിഞ്ഞാറൻ മൺസൂൺ കാലത്ത് ഇന്ത്യയുടെ പടിഞ്ഞാറും, വടക്ക്-കിഴക്കൻ ഭാഗങ്ങളിലും ശക്തമായ മഴ ലഭിക്കാനുള്ള കാരണമെന്ത് ? [3]

22. സ്വതന്ത്ര ഇന്ത്യ ശാസ്ത്ര രംഗത്തും വിദ്യാഭ്യാസ രംഗത്തും നേടിയ പുരോഗതിയെക്കുറിച്ച് ഒരു ലഘു കുറിപ്പ് തയ്യാറാക്കുക. [4]

23. ഏഷ്യയിലെ ഒരു കാലാവസ്ഥാമേഖലയുടെ സവിശേഷതയാണ് ചുവടെ ചേർത്തിരിക്കുന്നത്.

"വർഷം മുഴുവൻ ഉയർന്ന താപനില,
ഇടിമിന്നലോടുകൂടിയ സംവഹനവൃഷ്ടി"

(i) ഏതു കാലാവസ്ഥ മേഖലയാണിത് ?

(ii) ഈ കാലാവസ്ഥ അനുഭവപ്പെടുന്ന ഒരു പ്രദേശത്തിന്റെ പേരെഴുതുക. [2]

24. ബ്രിട്ടീഷുകാരുടെ ഭൂനികുതിനയങ്ങൾ മലബാറിലെ ജനങ്ങളെ എങ്ങനെയാണ് ബാധിച്ചത് ? ഏതെങ്കിലും രണ്ടെണ്ണം എഴുതുക. [2]

25. സോഷ്യലിസ്റ്റ് സമ്പദ്‌വ്യവസ്ഥയും മുതലാളിത്ത സമ്പദ്‌വ്യവസ്ഥയും തമ്മിലുള്ള വ്യത്യാസം എന്ത് ? ഇന്ത്യയിൽ നിലനിൽക്കുന്ന സമ്പദ്‌വ്യവസ്ഥയെ നിർവ്വചിക്കുക. [3]

26. ഇന്ത്യൻ ദേശീയതയുടെ രൂപീകരണത്തിനിടയാക്കിയ ചരിത്രപരമായ ഘടകങ്ങൾ ഏതെല്ലാം ? [2]

27. വായുമണ്ഡലത്തിലെ കാർബൺഡൈഓക്സൈഡിന്റെ അളവിലുണ്ടാകുന്ന വർദ്ധനവ് സമുദ്രത്തിലുണ്ടാക്കുന്ന മാറ്റങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുക. [2]

28. ഇന്ത്യയുടെ ദേശീയോദ്ഗ്രഥനം നേരിടുന്ന വെല്ലുവിളികൾ വിശദമാക്കുക. (ഏതെങ്കിലും മൂന്നെണ്ണം) [3]

തുടർച്ച—പേജ് 5

